
# സൃഷ്ടി




എൻഎസ്സ് എസ്സ് എച്ച് എസ്സ് എസ്സ് ചൂരക്കോട്

# മാർഗ്ഗദീപമേ നയിച്ചാലും......

# ഭാരതകേസരി ശ്രീ മന്നത്തുപദ്മനാഭൻ





പത്രാധിപസമിതി

- വി ഉഷാകുമാരി — എച്ച് എം
- രമാദേവി കെ എസ്സ് — എച്ച് എസ്സ് എ
- സ്മിത എസ് നായർ — എച്ച് എസ്സ് എ
- ഗൗതമി എൻ — ലിറ്റിൽ കൈറ്റ്സ് അംഗം
- നന്ദ സൂരജ് — ലിറ്റിൽ കൈറ്റ്സ് അംഗം

കവർ പേജ് രൂപകല്പന



അഞ്ജലി എ

ബിനിജാ ബി പിള്ള

(ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ)

# താളുകളിൽ...............................

കവിത


| | | |
|---|---|---|
| 1 | ഓർമകൾ | അതുല്യ |
| 2 | സുന്ദരമാം പ്രകൃതി | അർച്ചന എസ് |
| 3 | ന്യായഭേദം | അഖില കൃഷ്ണൻ |
| 4 | ഹരിതം | അർച്ചന എസ് |
| 5 | പുലരി | ആർദ്ര ആർ |


ലേഖനം (മലയാളം )


| | | |
|---|---|---|
| 1 | കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ ചരിത്രം | ഗൗതമി എൻ |
| 2 | മാതൃഭാഷ | രേവതി എസ് നായർ |
| 3 | അമൂല്യം " ഒരുത്തുള്ളി വെള്ളം " | കാവ്യ ആർ |
| 4 | സൈബർ ലോകം – വിജ്ഞാനവിസ്ഫോടനവും | നന്ദ സൂരജ് |
| 5 | തളരില്ല കേരളം | ധനശ്രീ എസ് |


**<u>അലക്സാണ്ഡ്രിയയിലെ ഹൈപേഷ്യ</u>**

ലേഖനം (English)


| | | |
|---|---|---|
| 1 | plaster of Paris | Nanda Sooraj |
| 2 | Air pollution | Gauthami N |
| 3 | Generation | Gauthami N |
| 4 | When tiny creatures turn plastic ... | Nanda Sooraj |



# ആമുഖം.....

നന്ദി പറയുന്നു ഇങ്ങനെ ഒരുദ്യമത്തിലേക്ക് നയിച്ച സുമനസ്സുകളായ ഗുരുജനങ്ങൾക്ക്.....

ഇതുവഴികടന്നുപോകുന്ന സഹൃദയരോട് തെറ്റുകുറ്റങ്ങൾ പൊറുക്കണമെന്നൊരപേക്ഷയുണ്ട് ........

ഇതുഞങ്ങളുടെ ആദ്യസംരംഭം .......

എങ്കിലും സമർപ്പിക്കുകയാണ് ഇത്തിരി മഞ്ചാടി മണികൾ,മയിൽപ്പീലിത്തുണ്ടുകൾ,വളപ്പൊട്ടുകൾ, ..............

ഹൃദയപൂർവ്വം സ്വീകരിക്കുക........

നന്ദ സൂരജ്

ചീഫ് എഡിറ്റർ




# തളരില്ല ..................

# ............. കേരളം

കേരളത്തെ ചരിത്രത്തിലെ ഏറ്റവും കടുത്ത പ്രതിസന്ധിയിലേക്ക് തള്ളിവിട്ട് പ്രളയം ചുറ്റിലും കലിയോടെ ഇരമ്പുമ്പോൾ അതിനേ തോൽപ്പിക്കാനായി നാട് മുഴുവൻ കൈകോർത്തു .

സംസ്ഥാനമെങ്ങുമുള്ള രക്ഷാപ്രവർത്തകർ തളരാതെ , പതറാതെ ദുരിതബാധിതരോട് ചേർന്നു പ്രഖ്യാപിച്ചു

" പേമാരിയുടെയും പ്രളയത്തിൻേറയും നാടല്ല കേരളം ,



കൂട്ടായ്മയുടെയും കരുണയുടെയും കരുതലിൻെറയും നാടാണ് . "

ഒരു കാൽവയ്പ്പു പോലും പതറാതെ ആത്മവിശ്വവാസത്തിൻെറ കൈപിടിച്ച് നാം മുൻപോട്ട് നീങ്ങി ....

കേരളത്തിലെങ്ങും എത്രയോ പേർക്ക് ഇതുവരെ സ്വരുക്കൂട്ടിവച്ചതെല്ലാം ഉപക്ഷിച്ച് വീടുവിട്ട് ഇറങ്ങേണ്ടിവന്നു . രക്ഷപെടാനുള്ള വഴി പോലും അറിയാതെ കൊച്ചുകുട്ടികളും സ്ത്രീകളും സഹായത്തിനായി കേണു . ഒരു സംസ്ഥാനത്തിൻെറ മുഴുവൻ റോഡ് ഗതാഗതം താറുമാറാക്കാൻ മാത്രം ഈ പ്രളയത്തിന് സംഹാരശേഷിയുണ്ടായി . പ്രളയം കലിതുള്ളുന്നതിനോപ്പംതന്നെ സർവസന്നാഹങ്ങളോടെ കേരളം അതിനെതിരെ പടപൊരുതി ജീവൻ പോലും പണയം വച്ച് ദുരന്തമുഖങ്ങളിൽ പ്രവർത്തിക്കുന്ന നാട്ടുകാർക്ക് സംസ്ഥാനത്തിൻെറ മുഴുവൻ അഭിവാദ്യം അർപ്പിക്കാതെ വയ്യ .

ഏകോപിതമായ സമർപ്പിതപ്രവർത്തനങ്ങളിലൂടെ കേരളത്തോളം വലിയ ഈ രക്ഷാപ്രവർത്തനത്തെ നാം ജയിച്ചു . പ്രളയത്തിന് ഈ നാടിനെ തോൽപ്പിക്കാനാവില്ലെന്ന് നമ്മുടെ കൂട്ടായ്മയിലൂടെയും ആത്മവിശ്വസത്തിലൂടെയും നാം കാട്ടികൊടുത്തു . പെയ്തു നിറഞ്ഞ് കുതിച്ചെത്തിയ



ദുരന്തത്തിൻെറ ആഴത്തിൽനിന്ന് കരകയറാനുള്ള തീവ്രശ്രമത്തിലായിരുന്നു നാട് .

തടസങ്ങളും പോരായ്മകളും  ഒരുപാടുണ്ടെങ്കിലും  ഇതിനുമുൻപ്  ഒരിക്കലും കണ്ടിട്ടില്ലാത്ത  ദുരന്തമുഖത്ത് നാട്


കൈകോർത്തു ;  പ്രതീക്ഷയോടെ .

ധനശ്രീ



# ഓർമകൾ

ആ യാത്ര ദൂരെ മറഞ്ഞുപോയ്
കാലത്തിനതിർ വരമ്പിലെ ഓർമകളായ്
എങ്ങോ മനസ്സിന്റെ ഇരുളഴിക്കുള്ളിലെ
കത്തുന്ന പൊൻപ്രഭയാണെന്റോർമകൾ.
ബാല്യവും യൗവ്വനവും കൗമാരവും കാലത്തി-
നന്ത്യമെത്തുന്ന ഈ വാർധക്യവും
എല്ലാം ലയിക്കുന്ന സാഗരമാണി-
തൊന്നും മറക്കാതെ സ്നേഹവാക്യങ്ങളും
ഹൃദയം പറയാതെ സ്നേഹശീതം.
അമൃതം പകരുന്ന വിജ്ഞാനദീപവും.
ഇടറുന്ന കണ്ഠത്തിൽ നൊമ്പരപ്പാട്ടുക-
ളുമലിയുന്ന കരളിന്റെ വിലാപകാവ്യങ്ങൾ
എല്ലാം സമന്വയിച്ചലിയുന്നിതോർമയിൽ
എല്ലാം പരസ്പരം ഇഴുകിവ കലരുന്നു.
ഇന്നുമെൻ ജീവിതത്തിനോർമകൾ



# സുന്ദരമാം പ്രകൃതി



പ്രകൃതിതൻ മടിയിൽ
തലചായ്ച്ചുറങ്ങി അതിൽ
സുന്ദരമാം കുളിർ ചില്ലയിൽ
മന്ദം മന്ദം തലോടും വേളയിൽ

തളിരിലകൾ കൊണ്ടത്
മൂടും നിമിഷങ്ങൾ
ചിന്താത്മകമാം പല നിമിഷങ്ങൾ
സുന്ദരമാം മണിവർണ്ണ

നാദങ്ങൾ, മനസ്സിൽ മൂടുപടം
മാറ്റികുളിർ ചിന്തകൾ  നൽകി
സ്വപ്നലോകമാം പ്രകൃതി
ഹൃദയ ധമനിയിൽ പ്രകൃതി

വർണ്ണങ്ങൾ ഹൃദയസ്പർശിയാം
പ്രകൃതി ഭാവങ്ങൾ, എല്ലാം
മനസ്സിൽ ഇന്ദ്രജാലം പോലെ
തഴുകും പ്രകൃതി എത്ര സുന്ദരം

# കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ ചരിത്രം

ആയിരക്കണക്കിനു വർഷങ്ങളായി കണക്കുകൂട്ടുന്നതിനായി ഉപകരണങ്ങൾ ഉപയോഗിക്കുന്നു.ഒരുപക്ഷേ തുടക്കത്തിൽ ഒരു സ്ലൈഡ് സ്റ്റിക്ക് രൂപത്തിൽ ഒന്നാം നൂറ്റാണ്ട് മുതൽ തുടങ്ങുന്ന അന്റികൈതരമെക്കാനിസം, ഏറ്റവും അറിയപ്പെടുന്ന മെറ്റലോജിക്കൽ അനലോഗ് കമ്പ്യൂട്ടറാണ്, കൂടാതെ ഏറ്റവും അറിയപ്പെടുന്ന ഉദ്യോഗം കൂടിയ രീതിയാണ്. 16-ാം നൂറ്റാണ്ട് വരെ യൂറോപ്പിൽ താരതമ്യപ്പെടുത്താവുന്ന തിളക്കമാർന്ന ഉപകരണങ്ങൾ ഉയർന്നുവന്നിരുന്നില്ല, കൂടാതെ 1645 വരെ നാലു അടിസ്ഥാന ഗണിതക്രിയകൾ നടത്താൻ കഴിവുള്ള ആദ്യത്തെ മെക്കാനിക്കൽ വികസിപ്പിച്ചെടുത്തിരുന്നു.

ഇലക്ട്രോണിക് കമ്പ്യൂട്ടറുകൾ, റിലേ അല്ലെങ്കിൽ വാൽവുകൾ ഉപയോഗിച്ച് 1940 കളുടെ തുടക്കത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. 1941 ൽ പൂർത്തിയാക്കിയ ഇലക്ട്രിക്ച്ചാനിക്കൽ സുസ് ലോകത്തെ ആദ്യത്തെ പ്രോഗ്രാബിൾ കംപ്യൂട്ടറായിരുന്നു, ആധുനിക നിലവാരം, ഒരു പൂർണ്ണ കമ്പ്യൂട്ടറിംഗ് യന്ത്രമായി പരിഗണിക്കാവുന്ന ആദ്യ യന്ത്രങ്ങളിലൊന്നായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ജർമ്മൻ സന്ദേശങ്ങൾ മനസിലാക്കാൻ വികസിപ്പിച്ച കോലസ്സസ് ആദ്യത്തെ ഇലക്ട്രോണിക് ഡിജിറ്റൽ കംമ്പ്യൂട്ടർ ആയിരുന്നു. പ്രോഗ്രാമബിൾ ആണെങ്കിലും, അത് ഒറ്റത്തവണ മാത്രം നിർമ്മിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത് പൊതുവായ ഉദ്ദേശ്യമല്ല. മെമ്മറിയിൽ അതിന്റെ പ്രോഗ്രാം സംഭരിക്കുന്നതിനുള്ള കഴിവു ഇല്ലാത്തത്; ആന്തരിക വയറിങ് മാറ്റാൻ പ്ലഗ്സുകളും സ്വിച്ചസും ഉപയോഗിച്ച് പ്രോഗ്രാമിങ് നടത്തി. 1948 ജൂൺ 21 ന് മാഞ്ചസ്റ്റർ ബേബി എന്ന ആദ്യ അംഗീകരിക്കപ്പെട്ടത്.

1940 കളുടെ അന്ത്യത്തിൽ ബെൽ ലബോറട്ടറികളിലെ ട്രാൻസിസ്റ്ററുടെ വികസനം ഒരു പുതിയ തലമുറ കമ്പ്യൂട്ടറുകൾക്ക് വളരെ കുറഞ്ഞ അളവിൽ
വൈദ്യുതി ഉപയോഗം ഉണ്ടാക്കാൻ അനുവദിച്ചു. ആദ്യത്തെ വാണിജ്യപരമായി ലഭ്യമായിട്ടുള്ള ശേഖരിച്ച പ്രോഗ്രാമിങ് കമ്പ്യൂട്ടർ ഫെറാറിമാർക്ക് ഒന്നിൽ 4050 വാൽവുകൾ ഉണ്ടായിരുന്നു, 25 കിലോവാട്ട് വൈദ്യുതി ഉപഭോഗം ഉണ്ടായിരുന്നു. 1953 നവംബറിലാണ് മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിൽ ആദ്യമായി വികസിപ്പിച്ചെടുത്ത കമ്പ്യൂട്ടറകളെ അപേക്ഷിച്ച് 150 വാട്ട് മാത്രമാണ് ഉപയോഗിച്ചത്.


# പുലരി

പൂനിലാചന്ദ്രികയൊഴുകുന്ന മാനത്തിൽ പൂനെറ്റിയി-
ലേക്കൊരു സ്വർണ്ണബിംബം
കിഴക്കൊരു ദിശയിൽ നിന്നൊരു സ്വർണ്ണരഥമേറി
വാനത്തിൽ തിരുനെറ്റിയിലെത്തിയപ്പോൾ
ചെപ്പിൽ നിന്നൊരുനുള്ള സിന്ദൂരം വിതറി-
യൊരു വിസ്മയം ചാലിച്ച ബാലസൂര്യൻ
പുലരിതൻ ശീൽക്കാരുമായി വന്നു, മാരുതൻ
കുയിൽ നാദത്തിനകമ്പടിയായ്
കാഴ്ചതൻ വർണ്ണ വസന്തം തീർത്തങ്ങു
ഭൂമിതൻ നാമ്പുകൾ പൂവണിഞ്ഞു.
ഗോക്കളാമക്ഷയ കുംഭങ്ങളുണർന്നു
മാനവർതൻ പുണ്യ പൂജയ്ക്കായി
നദികളിൽ കളകള ശബ്ദം മുഴക്കി
ജലകണങ്ങൾ മെല്ലെ പാടിത്തുടങ്ങി
ഇതു തന്നെയിതുതന്നെ ഈ പ്രപഞ്ചത്തിൽ
അനുഭൂതി തീർക്കും ആദ്യന്ത ദൃശ്യം.

# <u>മാതൃഭാഷ</u>

നമ്മുടെ മാതൃഭാഷയാണ് മലയാളം. മലയാളം സംസാരിക്കുന്നതു കൊണ്ടാണ് നമ്മുടെ മലയാളികൾ എന്നു വിളിക്കുന്നത്. പെറ്റമ്മയെ സ്നേഹിക്കുന്നതുപോലെ മാതൃഭാഷയെ സ്നേഹിക്കണം. ശ്രേഷ്ഠഭാഷാ പദവി ലഭിച്ച മലയാളത്തിന് സാഹിത്യത്തിൽ ഉന്നതമായ സ്ഥാനമാണുള്ളത്. മാതൃഭാഷ പെറ്റമ്മയും അന്യഭാഷ വളർത്തമ്മയുമാണ്. മലയാളിയായ നമ്മുക്ക് എഴുതാനും വായിക്കാനും അറിയേണ്ടത് അത്യാവശ്യമാണ്. മലയാളം മറക്കുന്നത് മൂട് മറക്കുന്നതുപോലെയാണ്. മലയാളഭാഷയുടെ കൊഞ്ചലും വളകിലുക്കവും കാതിന് ഇമ്പമേകുന്നതാണ്. മാതൃഭാഷ പഠിക്കുന്നത് കുറച്ചിലാണെന്ന ധാരണ ചിലർക്കുണ്ട്. എന്നാൽ ഈ ധാരണ ശരിയല്ല. മാതൃഭാഷയെ സ്നേഹിക്കുന്നവർ രാജ്യത്തെയും ഭൂമിയേയും സ്നേഹിക്കുകയും മനസ്സിൽ നന്മ ഉള്ളവരായി വളരുകയും ചെയ്യും.

മധുരം മധുരം മലയാളം
മധുമയമാകും മലയാളം
മലയാളത്തിൻ മധുനുകരാം
മാനംമുട്ടെ വളർന്നീടാം



# ന്യായഭേദം

നേരിനുനേരെ മുഖം തിരിക്കുന്നോർ
സത്യമെന്നറിഞ്ഞതും പറയാൻ മടിക്കുന്നൊർ
നീതിക്കുവേണ്ടി നിലകൊള്ളാൻ കഴിയാത്തവർ
ആരയോ ഭയപ്പെട്ടോടി ഒളിക്കുന്നൊർ
നന്മയുടെ പരിച്ഛേരതമായി മാറേണ്ടോർ
ഓർക്ക നിങ്ങളീ ചെയ് വത് ശരിയോ
നാട്ടുനീളെ നറികേടുകൾക്കെതിരെ പരയേണ്ടോർ
തല കുമ്പിട്ടു നിൽപ്പതാർക്കുവേണ്ടി ?
നേരിടുന്ന അംഗീകാരങ്ങളോരോന്നും
ആരുടെയോ കനിവാണെന്നോർപ്പവർ
സ്തുതി പാഠകരാക്കാൻ വിധിക്കപ്പെട്ടൊരൊ
നിലപാടില്ലാ കൂട്ടമാകുന്നോർ
അർഹമല്ലാത്തതാർജ്ജിച്ചതിനു വിധേയത്വമോ
പക്ഷം പിടിക്കുമനർഹ കൂട്ടരിവർ
തെറ്റെന്നോതുവാൻ നാവൊന്നുയർന്നാൽ
ഞെട്ടറ്റില പോൽ വേറിട്ടു നിൽക്കാം
വിമർശന ശരശയ്യയിലപരാധിപോൽ
വേദനയോടെ ശയിക്കേണ്ടി വന്നിടാം
ത്യജിച്ചീടുക അനർഹമാം നേട്ടങ്ങൾ
പൊട്ടിച്ചെറിഞ്ഞീടുക അസത്യത്തിൻ വേലിക്കെട്ടുൾ
ഭുജിച്ചീടുക ആത്മാഭിമാനത്തിനു അമൃതകണം
വന്നീടുക പക്ഷമില്ലാതെ നേരിൻെറ ശബ്ദമാകാൻ
അർഹമെങ്കിലംഗീകാരം തേടിയെത്തുമവസാനം
ആരാലും തടയുവാനാവാത്ത പെരുമഴയായി
നീതിയ്ക്കുവേണ്ടി സധൈര്യം പോരാടുവോർക്കായി
ജ്വലിക്കട്ടെ നന്മയുടെ , പൊൻകിരണം ....... അഖില

# സൈബർ ലോകം – വിജ്ഞാനവിസ്ഫോടനവും ചതിക്കുഴികളും

ഇക്കാലത്ത് ഭൂരിഭാഗം ആളുകളും അവരുടെ ഏറ്റവും ചെറിയ ആവശ്യങ്ങൾക്കുപോലും ഇൻ്റർനെറ്റിനെ വളരെയധികം ആശ്രയിക്കുന്നു. വീട്ടിലെ നിത്യോപയോഗ സാധനങ്ങൾ , പലചരക്കു വസ്തുക്കൾ , പഠനോപകരണങ്ങൾ എന്നിവ വാങ്ങാൻ ഇന്ന് നിമിഷങ്ങൾ മതി. ബില്ല് അടയ്ക്കാനും ഇഷ്ടപെട്ട ആഹാരം കഴിക്കാനും വീട്ടിലിരുന്ന് ക്ലിക്ക് ചെയ്താൽ മതി. ഇൻ്റർനെറ്റിൻെറ സഹായത്തോടെ പഠനവും എളുപ്പമായിട്ടുണ്ട് . നമ്മുടെ അറിവുവളർത്താനും അതു പ്രചരിപ്പിക്കുവാനും ഇൻ്റർനെറ്റിലൂടെ സാധിക്കും . ഇൻ്റർനെറ്റ് ഉപയോഗത്തോടെ നമ്മുടെ സമയം ലാഭിക്കാനും ചെലവ് ചുരുക്കാനുമാവും . ഇൻ്റർനെറ്റിൻെറ ഉപയോഗത്തോടെ പഠനത്തിലേക്ക് കുട്ടികൾ തൽപ്പരരാകുന്നു . വായനയും ഇൻ്റർനെറ്റിൻെറ സഹായത്താൽ എളുപ്പമായിരിക്കുന്നു .

എല്ലാ നന്മയിലും ഒരു തിന്മ എന്ന പോലെ ഇൻ്റർനെറ്റിൻെറ നല്ല ഭാഗം ഉപയോഗിക്കാതെ ചീത്തഭാഗങ്ങൾ സ്വാർത്ഥതാൽപര്യങ്ങൾക്കായി ഉപയോഗിക്കുന്നു പലരും . ഇൻ്റർനെറ്റ് ബാങ്കിംങ് പോലുള്ള മേഖലകളിലാണ് സൈബർ കൊള്ളകൾ(cyber crimes) കൂടുതലായി കാണാനാകുന്നത് . സുരക്ഷാ ക്രമീകരണങ്ങളിലുള്ള പിഴവുകളും പഴുതുകളും ഇത്തരത്തിലുള്ള കൊള്ളകാർക്ക് വഴി തെളിക്കുന്നു. സാധാരണ password കളും thumbprint lock കളും ഇവരെ പൂർണ്ണമായും തുരത്താൻ നമ്മുക്കാവില്ല . വികസിത രാജ്യങ്ങൾക്കു പോലും സൈബർ ലോകത്തിനു പൂർണ്ണമായ സുരക്ഷ നൽകാനയിട്ടില്ല . നമ്മുടെ വ്യക്തിപരമായ വിവരങ്ങൾ മറ്റുള്ളവരമായി പങ്കുവയ്ക്കാതിരുന്നാൽ ഒരുപരിധിവരെ നമ്മുക്ക് വഞ്ചിതരാക്കപ്പെടാതിക്കാം .



# അമൂല്യം " ഒരുതുള്ളി വെള്ളം "



സമയത്തിനും ധനത്തിനും മേൽ പ്രാധാന്യം ഒരുതുള്ളി വെള്ളത്തിനുണ്ടായിരിക്കുന്നു. പഴമക്കാർക്കു ജലം സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും അവിഭാജ്യഘടകമായിരുന്നു. ഏത് നാലിന്യത്തെയും ഒഴുക്കികളയാൻ ഉപയോഗിച്ചിരുന്ന ദ്രാവകമെന്നനിലക്ക് ജലം വിശ്വാസങ്ങളുടെയും ആചാരനുഷ്ഠാനങ്ങളുടേയും ഭാഗമായിരുന്നു.ക്രിസ്തുമത വിശ്വാസപ്രകാരം ജലം ദൈവതുല്യം. ജലത്തെ പരമപവിത്രമായ ശുദ്ധീകരണ മാദ്യമമായും കാണുന്നു. സമൃദ്ധമമായ ജലശേകരം കാരണം വിദൂരക്കാഴ്ചയിൽ അതിമനോഹരമായ നീല ഗോളമായി ഒളി ചിന്നുകയാണ് നമ്മുടെ ഭൂമി. ഭൂമിയുടെ ആകരണത്തിനു വരെ നീലിമചാർത്തുന്ന ജലസമ്പത്ത് ഭൂഗോളത്തിൽ ഉണ്ടെങ്കിലും അതുമുഴുവനും ഉപയോഗയോഗ്യമല്ല. ഉപയോഗയോഗ്യമായ വെള്ളം വെറും ഒരു ശതമാനം മാത്രം. ശേഷിക്കുന്ന ബഹുഭൂരിഭാഗം വെള്ളവും ഉപ്പുവെള്ളമാണ് ; പിന്നെ അസ്ഥികോച്ചുന്ന മഞ്ഞിൻപാളികളും, ശുദ്ധജലതടാകങ്ങളിലും,ഉപരിതല ജലത്തിന്റെ

21 ശതമാനവുമുള്ളത്. തടാകങ്ങൾ കഴിഞ്ഞാൽ പിന്നെ ശുദ്ധജലസാന്നിധ്യം ചതുപ്പുകളും മണ്ണിലെ ഈർപ്പവുമായിട്ടാണ് നിലകൊള്ളുന്നത്. കേരളം പോലൊരു ഭൂപ്രദേശത്തിന് ശുദ്ധജലം നൽകാൻ ഇവക്കുമാത്രമെക്കഴിയു. അതിനാൽ ജലം പാഴാക്കുന്നത് കുറക്കണം. ജലത്തിന്റെ മൂല്യം മറക്കാതിരിക്കണം. ഒരുത്തുള്ളി ജലം എത്ര വലുതാണെന്ന് തിരിച്ചറിയാം. തിരിച്ചറിവുകൾ എല്ലാം പങ്കിടുകയും പാലിക്കുകയും ചെയ്യാം.



# ഹരിതം

**എൻ്റമ്മയാംപ്രകൃതീ , നിൻ്റെയീ  കുസൃ-**



**തികൾ എന്നെ തളിരിതയാക്കുന്നു.**
**നിൻ്റെ ഹരിതമായ വർണ്ണഭംഗി**
**എന്നിൽ ആശ്ചര്യം ചെലുത്തുന്നു .**

**നിന്നിൽ കുരുക്കുന്ന  ഒരു പുൽനാമ്പിൻ്റെ**
**തുമ്പിൽ പ്പോലും**
**മഞ്ഞുനീർത്തുള്ളിയിലായി**
**ഒരു  കുഞ്ഞുസൂര്യനുണ്ടു  ഉദിച്ചിരിക്കുന്നു.**

**അമ്പലപ്രാവായി  നീകുറുകുന്നതും**
**പുഴയുടെ  ഓളം നീ എന്നിൽ സൃഷ്ടിക്കുന്നതും**
**താരാട്ടുപാട്ടുമായ്  നീ  ഉണർന്നി-**
**രിക്കുന്നതും  താരാട്ടു പാട്ടുമായ്**
**നീ  ഉണർന്നിരിക്കുന്നതും**
**എന്നിൽ പഴയകാല**
**സ്മൃതികൾ എന്തുകൊണ്ടോ**
**ഉണർ ത്തുന്നു...**

**അർച്ചന**

**(കടപ്പാട്   ഭൂമിക്കൊരുചരമഗീതം )**

## ***WHEN TINY CRETURES TURN PLASTIC EATERS***

The plastic bottles we throw away today will be around for hundreds of years. It's one of the key reasons why the mounting plastic pollutionproblem, which is having a deadly effect on marine life, is so serious.



But scientists recently discovered a strain of bacteria that can literally eat the plastic used to make bottles, and have now improved it to make it work faster. The effects are modest – it's not a complete solution to plastic pollution – but it does show how bacteria could help create more environmentally friendly recycling.

In 2016, scientists from Japan tested different bacteria from a bottle recycling plant and found that *Ideonella sakaiensis* 201-F6 could digest the plastic used to make single-use drinks bottles, polyethylene terephthalate (PET). It works by secreting an enzyme (a type of protein that can speed up chemical reactions) known as PETase. This splits certain chemical bonds (esters) in PET, leaving smaller molecules that the bacteria can absorb, using the carbon in them as a food source.




The PET used in drinks bottles has a semi-crystalline structure, which means the plastic molecules are tightly packed and difficult for the enzyme to get to. The latest study shows that the enhanced enzyme probably worked well because the part of the molecule that is involved in the reaction is very accessible, making it easy for the enzyme to attack even the buried PET molecules. Plastic stays around for hundreds of years or more. Unfortunately, only 9% of the plastic every produced gets recycled; the majority ends up in landfills or in the environment. In fact, 8 million tons of plastic enter our waterways each year. All that plastic is starting to show up in unexpected (and unwelcome) places, from our tap water to our food. The "smog" of microplastics in our ocean is smothering the small organisms that make up the base of the food chain, and could have serious implications for our food systems

# Plaster of Paris

Plaster of Paris , a quick setting gypsum plaster consisting of a fine white power , which harden immediately when moisten and allowed to dry . The plaster does not generally crack or shrink when dry , making it an excellent medium for casting moulds . It is also used in medicine to immobilize broken bones .



Gypsum is a crystalline mineral of hydrated calcium sulphate [CaSO4] . A mixture of gypsum and water can be poured ; the gypsum harden when water evaporates . It was abundantly manufactured at Paris , hence it came to be known as plaster of Paris . Gypsum is used to make plaster of Paris .

Plaster is a building material used for the protective or decorative coating of walls and ceilings and for moulding and casting decorative elements. In English "plaster" usually means a material used for the interiors of buildings, while "render" commonly refers to external applications. Another imprecise term used for the material is stucco, which is also often used for plasterwork that is worked in some way to produce relief decoration, rather than flat surfaces. Stucco is used as a decorative coating for walls and ceilings, and as a sculptural and artistic material in architecture.




രാജാവിൽ നിന്നു വിനയവും
പണ്ഡിതരിൽ നിന്നും വാക്സാമർത്ഥ്യവും
ചൂതാട്ടക്കാരിൽ നിന്നും അസത്യവും
സ്ത്രീകളിൽ നിന്നും കൗശലവും പഠിക്കാം


ഒരുവൻ താൻ ഒന്നുമല്ലാതിരിക്കേ,
എന്തോ ആണെന്നു ഭാവിക്കുന്നെങ്കിൽ
അവൻ തന്നെത്തന്നെ വഞ്ചിക്കുന്നു.
ഗലാത്തിയാ 6:3

# അലക്സാണ്ഡ്രിയയിലെ ഹൈപേഷ്യ



**അലക്സാണ്ഡ്രിയയിലെ ഹൈപേഷ്യ** ഈജിപ്തിലെ അലക്സാണ്ഡ്രിയയിൽ നിന്നുള്ള ഒരു ഗ്രീക്ക് പണ്ഡിതയായിരുന്നു. ഗണിതശാസ്ത്രരംഗത്ത് മികവുകാട്ടിയ ആദ്യവനിതയായി കരുതപ്പെടുന്ന അവർ ഗണിതത്തിനു പുറമേ തത്ത്വചിന്തയും ജ്യോതിശാസ്ത്രവും പഠിപ്പിച്ചിരുന്നു.റോമൻ ആധിപത്യത്തിൻ കീഴിലുള്ള ഈജിപ്തിൽ ജീവിച്ച അവരെ, മതഭിന്നതയുണ്ടാക്കുന്നുവെന്ന കപട ആരോപണം ചാർത്തി കൊലചെയ്തു.അവരുടെ വധം ഉദാത്തപൗരാണികത (Classical Antiquity) എന്നു വിശേഷിക്കപ്പെട്ട കാലഘട്ടത്തിന്റെ അന്ത്യം കുറിച്ചുവെന്ന് കരുതുന്നവരുണ്ട്.എന്നാൽ യവന തത്ത്വചിന്ത ആറാം നൂറ്റാണ്ടിൽ ജസ്റ്റിനിയൻ ചക്രവർത്തിയുടെ കാലം വരെ പുലർന്നിരുന്നുവെന്ന് മറ്റു ചിലർ ചൂണ്ടിക്കാണിക്കുന്നു.

നവപ്ലേറ്റോണിക ദർശനത്തിൽ ആകൃഷ്ടയായ ഹൈപ്പേഷിയയുടെ ചിന്ത ഏഥൻസിലെ പ്ലേറ്റോണിയൻ അക്കാദമിയുടെ ഗണിതശാസ്ത്രപാരമ്പര്യം പിന്തുടർന്നു. സിൻഡസിലെ യൂഡോക്സസ് ആയിരുന്നു അക്കാലത്ത് ആ പാരമ്പര്യത്തിന്റെ മുഖ്യ പ്രതിനിധി.ആനുഭവിക മാർഗ്ഗത്തിന് പ്രാധാന്യം കല്പിക്കാതെ യുക്തിയും ഗണിതവും ഉപയോഗിച്ചുള്ള അന്വേഷണത്തിന് മുൻതൂക്കം നൽകിയ മൂന്നാം നൂറ്റാണ്ടിലെ ചിന്തകൻ പ്ലോട്ടിനസും ഹൈപ്പേഷിയയെ സ്വാധീനിച്ചിരുന്നു.


അലക്സാണ്ഡ്രിയയിലെ പുരാതന സംഗ്രഹാലയത്തിലെ പ്രൊഫസർമാരുടെ പട്ടികയിൽ ഏറ്റവും ഒടുവിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത് ഹൈപ്പേഷിയയുടെ പിതാവ് തിയോണിന്റെ പേരാണ്.ടോളമിയുടെ സിന്റാക്സിസ്(Syntaxis) എന്ന ഗ്രന്ഥത്തിനു നിരൂപണമെഴുതിയ തിയോൺ, ആ സംരംഭത്തിൽ മകളുടെ പങ്ക്

എടുത്തുപറയുന്നുണ്ട്. പൗരാണികലോകത്തെക്കുറിച്ചുള്ള പത്താം നൂറ്റാണ്ടിലെ സൂയിദാസ്(Suidas/Sudas) എന്ന ബൃഹദ്‌വിജ്ഞാനകോശമനുസരിച്ച്, ഹൈപ്പേഷിയ, മൂന്നാം നൂറ്റാണ്ടിലെ ഗണിതശാസ്ത്രജ്ഞനായ ഡയോഫാന്റസിന്റെ "അരിത്ത്‌മെറ്റിക്കാ" എന്ന രചനയ്ക്കും, ടോളമിയുടെ ജ്യോതിശാസ്ത്രകാനോനയ്ക്കും, പെർജായിലെ അപ്പോളോണിയസിന്റെ "കോണിക്സ്" എന്ന രചനയ്ക്കും നിരൂപണങ്ങൾ എഴുതി. എന്നാൽ അവരുടെ കൃതികളൊന്നും ലഭ്യമല്ല. ഗണിതശാസ്ത്രത്തിൽ നിന്ന് തത്ത്വചിന്തയിലേയ്ക്ക് കടന്ന അവർ പ്ലേറ്റോയുടേയും പ്ലോട്ടിനസിന്റേയും ചിന്താവ്യവസ്ഥകൾ പിന്തുടർന്ന് സ്വന്തം ചിന്താപദ്ധതി രൂപപ്പെടുത്തി. അലക്സാണ്ഡ്രിയ സംഗ്രഹാലയത്തിലെ തത്ത്വചിന്താ വിഭാഗത്തിൽ അദ്ധ്യാപികയായി നിയമിതയായ ഹൈപ്പേഷിയയുടെ അദ്ധ്യാപനപ്രസംഗങ്ങൾ കേൾക്കാൻ നാനാ-ദിക്കുകളിൽ നിന്നും വിദ്യാർത്ഥികൾ എത്തിയിരുന്നു. അതീവസുന്ദരിയായിരുന്ന അവരിൽ ശിഷ്യന്മാരിൽ ചിലർ അനുരക്തരുമായി.എന്നാൽ ഹൈപ്പേഷിയ ഒരിക്കലും വിവാഹിതയായില്ല എന്നു കരുതണം. പക്ഷേ, പുരാതനവിജ്ഞാനകോശമായ സൂയിദാസ് പറയുന്നത് അവർ വിവാഹിതയായെങ്കിലും കന്യാവസ്ഥയിൽ തുടർന്നു എന്നാണ്. തത്ത്വചിന്തയുമായി അഗാധപ്രണയത്തിലായിരുന്ന അവർ, വഴിയിൽ ആരെങ്കിലും പ്ലേറ്റോയുടേയോ അരിസ്റ്റോട്ടലിന്റേയോ സിദ്ധാന്തങ്ങളെക്കുറിച്ച് സംശയം ഉന്നയിച്ചാൽ, നിന്ന് മറുപടി പറഞ്ഞിരുന്നു. അവരുടെ പെരുമാറ്റത്തിലെ കുലീനതയും വിനയവും അവർക്ക് എല്ലാവരുടേയും ആദരവ് നേടിക്കൊടുത്തു.ഏഥൻസിലും അവർ അദ്ധ്യാപനം നടത്തിയിരുന്നു

ഹൈപ്പേഷിയയുടെ കൊലപാതകത്തിന് പശ്ചാത്തലമൊരുക്കിയത് അലക്സാണ്ഡ്രിയയിലെ 'പേഗൻ' സൈന്യാധിപൻ ഓറസ്റ്റസും മെത്രാൻ സിറിലും തമ്മിലുള്ള കലഹമാണ്. സിറിലിന്റെ അനുയായികളായെ ക്രൈസ്തവസംന്യാസികൾ യഹൂദന്മാരെ നഗരത്തിൽ നിന്ന് തുരത്താൻ തുനിഞ്ഞപ്പോൾ ഓറസ്റ്റസ് ആ സംഭവത്തിൽ സിറിളിനെ വസ്തുനിഷ്ഠമായി വിമർശിച്ച് തിയോഡോസിയസ് രണ്ടാമൻ ചക്രവർത്തിക്ക് റിപ്പോർട്ടയച്ചു. തുടർന്ന് സംന്യാസികളിൽ ഒരുപറ്റം സൈന്യാധിപനെ കല്ലെറിഞ്ഞപ്പോൾ ഓറസ്റ്റസ് അവരുടെ നേതാവിനെ പിടികൂടി വധിച്ചു. ഓറസ്റ്റസിന്റെ നിലപാടിനു പിന്നിൽ ഹൈപ്പേഷിയ ആണെന്നും, സൈന്യാധിപനും മെത്രാനും തമ്മിൽ രഞ്ജിപ്പുണ്ടാകുന്നതിന് തടസമായിരിക്കുന്നത് അവരാണെന്നും സിറിളിന്റെ

അനുയായികൾ ആരോപിച്ചു. റോമാസാമ്രാജ്യത്തിന്റെ തകർച്ചയും തളർച്ചയും" എന്ന ഗ്രന്ഥത്തിൽ ഹൈപ്പേഷിയയുടെ വധത്തെ എഡ്‌വേഡ് ഗിബ്ബൺ നാടകീയമായി വിവരിക്കുന്നു:

(ശ്രീ ടിഡി രാമകൃഷ്ണന്റെ ഫ്രാൻസിസ് ഇട്ടിക്കോര നോവലിൽ നിന്നുകിട്ടിയ അറിവിന്റെ അടിസ്ഥാനത്തിൽ വിക്കിപീഡിയയിൽ തിരഞ്ഞപ്പോൾ കിട്ടിയത്. ഹൈപ്പേഷ്യ എന്ന വനിതയെ ചരിത്രത്തിന്റെതാളുകളിൽ കണ്ടപ്പോഴുണ്ടായ സന്തോഷവും ഞാൻ മറച്ചു വയ്ക്കുന്നില്ല)



# Air pollution

Air pollution occurs when harmful or excessive quantities of substances including gases, particles, and biological molecules are introduced into Earth's atmosphere. It may cause diseases, allergies and even death to humans; it may also cause harm to other living organisms such as animals and food crops, and may damage the natural or built environment. Both human activity and natural processes can generate air pollution.

Indoor air pollution and poor urban air quality are listed as two of the world's worst toxic pollution problems in the 2008 Blacksmith Institute World's Worst Polluted Places report. According to the 2014 World Health Organisation report, air pollution in 2012 caused the deaths of around 7 million people worldwide,an estimate roughly echoed by one from the International Energy Agency



## നന്ദി

സൃഷ്ടി എന്ന ഡിജിറ്റൽമാഗസിൻ തയ്യാറാക്കാൻ സഹായിച്ച അഭിവന്ദ്യ ഗുരുജനങ്ങൾക്ക്....

ഇതിന്റെ താളുകളിലൂടെ കടന്നുപോകുന്ന സുമനസ്സുകൾക്ക്...........

# കടപ്പാട്

**പുസ്തകങ്ങൾ ,വിക്കിപീഡിയ ,**

**അദ്ധ്യാപകർ**

thanks



